"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് & ഡെവലപ്മെന്റ് സെന്റർ (RHRDC) മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജിങ് പദ്ധതി നിർവഹണം നടപ്പിലാക്കുന്നത്- പുതുക്കിയ യൂണിറ്റ് കോസ്റ്റ് ബാധകമാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ എ) വകുപ്പ്**

സ.ഉ.(സാധാ) നം.628/2024/LSGD    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. തൃശൂർ ജില്ലാ കളക്ടറുടെ 05.03.2019 തീയതിയിലെ 2607/2018/DD/DPM നമ്പർ ഉത്തരവ്
2. 28/05/2022 തീയതിയിലെ സ.ഉ (കൈ) നം. 115/2022/LSGD
3. 08/06/2022 തീയതിയിലെ സ.ഉ (കൈ) നം. 1416/2022/LSGD
4. റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.07.2023 തീയതിയിലെ 122/23/RHRDC നമ്പർ കത്ത്.
5. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 30.01.2024 തീയതിയിലെ LSGD/PD/63465/2023-D85 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചു. പരാമർശം (3) പ്രകാരം ജലശ്രീ - സമ്പൂർണ്ണ ജല സുരക്ഷാ പദ്ധതിയിൽ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന് പരന്ന മേൽക്കൂരക്ക് 24,500/- രൂപയായും ചരിഞ്ഞ മേൽക്കൂരക്ക് 26,000/- രൂപയായും വർദ്ധിപ്പിച്ച യൂണിറ്റ് കോസ്റ്റ് സംസ്ഥാന തലത്തിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പടുവിച്ചു. പരാമർശം (1) പ്രകാരം തൃശൂർ ജില്ലാ ഡി.പി.സി തെരഞ്ഞെടുത്ത റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് & ഡെവലപ്മെന്റ് സെന്റർ (RHRDC)എന്ന ഏജൻസി വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജിങ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുമ്പോൾ പുതുക്കിയ യൂണിറ്റ് കോസ്റ്റ് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) പ്രകാരം റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചു. ഈ വിഷയത്തിൽ പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശൂർ ജില്ലാകളക്ടറുടെ ഉത്തരവ് പ്രകാരം തൃശൂർ ജില്ലാ DPC തെരഞ്ഞെടുത്ത റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് & ഡെവലെപ്മെന്റ് സെന്റർ (RHRDC) എന്ന ഏജൻസി വഴി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജിങ് പദ്ധതി നിർവഹണം നടപ്പിലാക്കുമ്പോൾ പരാമർശം (2) ഉത്തരവ് പ്രകാരം പുതുക്കിയ യൂണിറ്റ് കോസ്റ്റ് ബാധകമാക്കുവാനും പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ് ചെയ്യുവാൻ പരാമർശം (3) ഉത്തരവ് പ്രകാരം ഉള്ള യൂണിറ്റ് കോസ്റ്റ് ബാധകമാക്കുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**H MUHAMMED FAISAL**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ **L I D & E W** തിരുവനതപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ, മൂർക്കനാട് പി ഒ, തൃശ്ശൂർ.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (വെബ്&ന്യൂ മീഡിയ)
(ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 16-03-2024 13:38:31
സെക്ഷൻ ഓഫീസർ